# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2488 09/07/2015 -ലെ മറുപടിയ്ക്ക്

## ഹയർ സെക്കന്ററി പാഠപുസ്തകപരിഷ്കരണം

**ചോദ്യം**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. വി.പി. സജീന്ദ്രൻ
ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.അൻവർ സാദത്ത്

**ഉത്തരം**

ശ്രീ.പി.കെ.അബ്ദു റബ്ബ്
(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് കരിക്കുലം കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടോ ;എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(എ) ഉണ്ട്.
08/10/2013- ന് ചേർന്ന 39-ാം മത് സംസ്ഥാന കരിക്കുലം സ്റ്റിയറിംങ്ങ് കമ്മിറ്റിയോഗം ഹയർ സെക്കന്ററി മേഖലയിലെ എല്ലാ വിഷയങ്ങൾക്കും കൃത്യമായ സിലബസ്സും പ്രത്യേക പാഠപുസ്തകങ്ങളും കേരള സ്കൂൾ പാഠ്യപദ്ധതി 2013 പ്രകാരം തയ്യാറാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു. ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മാത് സ്, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, ജ്യോഗ്രഫി, എന്നീ വിഷയങ്ങൾക്ക് എൻ.സി.ഇ.ആർ.ടി യുടെ സിലബസ്സും, പാഠപുസ്തകങ്ങളും തുടരാനും ഇത് കൂടാതെ ഹിസ്റ്ററി, ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി, സോഷ്യോളജി, സൈക്കോളജി എന്നീ വിഷയങ്ങൾക്ക് കൂടി എൻ.സി.ഇ.ആർ.ടി യുടെ സിലബസും പാഠപുസ്തകങ്ങളും നടപ്പിലാക്കാനും അനുമതി നൽകി. 41- ാമത് സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ പുസ്തകങ്ങൾക്ക് അംഗീകാരം നൽകി . ഇതു പ്രകാരം 2014-15 അദ്ധ്യയന വർഷം പുതുക്കിയ

പാഠപുസ്തകങ്ങൾ നടപ്പിലാക്കി.10.02.2015- ന് ചേർന്ന സംസ്ഥാന കരിക്കുലം സ്റ്റിയറിങ്ങ് കമ്മിറ്റി എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ പാഠപുസ്തകങ്ങൾ അംഗീകരിക്കുകയും 2015-16 അദ്ധ്യയന വർഷത്തിൽ ഇത് നടപ്പിലാക്കുകയും ചെയ്തു.

(ബി) പ്രസ്തുത പാഠപുസ്തകങ്ങൾ തയ്യാറാക്കിയത് ആരാണെന്ന് വ്യക്തമാക്കുമോ;

(ബി) യൂണിവേഴ്സിറ്റി തലത്തിലെയും , കോളേജ് തലത്തിലെയും അതത് വിഷയങ്ങളിലെ വിദഗ്ദ്ധരും ഹയർ സെക്കന്ററി മേഖലയിലെ വിദഗ്ദ്ധ അദ്ധ്യാപകരും എസ്.സി.ഇ.ആർ.ടി ഫാക്കൽറ്റി അംഗങ്ങളും ചേർന്നാണ് പ്രസ്തുത പുസ്തകങ്ങൾ തയ്യാറാക്കിയത്.

(സി) പുതിയ പാഠപുസ്തകങ്ങൾ എന്ന് മുതലാണ് പ്രാബല്യത്തിൽ വരുത്താനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

(സി) പുതിയ പാഠപുസ്തകങ്ങൾ 2014-15 -ൽ പതിനൊന്നാം ക്ലാസിലും 2015-16 -ൽ പന്ത്രണ്ടാം ക്ലാസിലും നടപ്പിലാക്കി.

സെക്ഷൻ ഓഫീസർ